# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം - അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ താൽകാലിക സ്ഥാനക്കയറ്റം നേടി നിന്നിരുന്ന ജീവനക്കാരെ ടി തസ്തികയിൽ റെഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു-

പരാമർശം : 1. 20.07.2015 ലെ ഈ ഓഫീസിലെ E6-9986/14 നമ്പർ ഉത്തരവ്.
2. 24.08.2015 ലെ ഈ ഓഫീസിലെ E6-9986/14 നമ്പർ ഉത്തരവ്.
3. 23.01.2016 ലെ ഈ ഓഫീസിലെ ഇ6-17143/15(1) നമ്പർ ഉത്തരവ്.
4. OA No1381/2015 നമ്പർ കേസിൻമേൽ 25.09.2019 ൽ ഉണ്ടായ ബഹു.കോടതി ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E6-6818/2020/PrHQ; തീയതി : 20-04-2020</u>**

ജയിൽ വകുപ്പിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് 20.07.2015 ലെ E6-9986/14 നമ്പർ ഉത്തരവിലൂടെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരിൽ നിന്നും താൽകാലികമായി സ്ഥാനക്കയറ്റം നല്കി ഉത്തരവായിരുന്നു. തുടർന്ന് പിഎസ്സി യിൽ നിന്നും ഗ്രേഡ് I തസ്തികയിലേക്ക് 5 ജീവനക്കാർ വന്നതിനാൽ ഇപ്രകാരം താൽകാലിക സ്ഥാനക്കയറ്റം നേടിനിന്നിരുന്ന ജൂനിയർ ആയിട്ടുള്ള 5 പേരെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരായി തരം താഴ്ത്തി 24.08.2015 ൽ ഉത്തരവായിരുന്നു. പിന്നീട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ തരം താഴ്ത്തപ്പെട്ടിരുന്ന ടി 5 പേരെ തിരികെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് താൽകാലിക സ്ഥാനക്കയറ്റം നല്കി ഇ6-17143/15(1) നമ്പർ തീയതി 23.01.2016 ലെ ഉത്തരവിലൂടെ നിയമിച്ചിരുന്നു.

ഇതിനുശേഷം വാർഡർ വിഭാഗത്തിൻറെ 04.01.2013 ലെ സംസ്ഥാനതല താൽകാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ബഹു.കോടതികളിൽ കേസുകൾ നിലവിലിരുന്നതിനാൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവായിരുന്നില്ല. തുടർന്ന് 25.09.2019 ൽ ടി കേസുകളിലൊന്നായ OA No.1381/2015 ൽ ഉണ്ടായ ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ 13.10.2019 ലെ E5-22779/2019/PrHQ നമ്പർ ഉത്തരവിലൂടെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ നിലവിലുണ്ടായിരുന്ന 58 ഒഴിവുകളിലേക്ക് യോഗ്യരായ ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരെ സ്ഥാനക്കയറ്റം നല്കി നിയമിച്ചിരുന്നു. ടി ഉത്തരവിലൂടെ പൊൻകുന്നം സ്പെഷ്യൽ സബ് ജയിലിലെ ശ്രീ പി ബി വേണുഗോപാലിനെയും അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി നിയമിച്ചിരുന്നു.

ശ്രീ പി ബി വേണുഗോപാലിനെതിരെ അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ ടിയാന് 20.07.2015 ൽ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. പ്രസ്തുത അച്ചടക്ക നടപടി പിന്നീട് സർക്കാർ റദ്ദ് ചെയ്തതിനാൽ 13.10.2019 ൽ ശ്രീ പി ബി വേണുഗോപാലിന് നല്കിയ സ്ഥാനക്കയറ്റം ടിയാൻറെ ജൂനിയറിന് താൽകാലികമായി സ്ഥാനക്കയറ്റം നല്കിയ 20.07.2015 തീയതിയിൽ നല്കേണ്ടതുണ്ട്.

വാർഡർ വിഭാഗത്തിൻറെ 04.01.2013 ലെ സംസ്ഥാനതല താൽകാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ബഹു.കോടതികളിൽ കേസുകൾ നിലനിന്നിരുന്നതിനാൽ 2015 ലും 2016 ലും അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ താൽകാലിക സ്ഥാനക്കയറ്റം നേടി നിന്നിരുന്ന ഉദ്യോഗസ്ഥരെ ടി തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. 25.09.2019 ൽ കോടതി ഉത്തരവ് വന്നപ്പോൾ ടി തസ്തികയിൽ ആകെ 6 ജീവനക്കാർ മാത്രമാണുണ്ടായിരുന്നത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇവരെ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലികമായി സ്ഥാനക്കയറ്റം നല്കി നിയമിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് താൽകാലികമായി സ്ഥാനക്കയറ്റം നേടി നിന്നിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരെ ടി തസ്തികയിൽ റെഗുലർ ഒഴിവുകൾ വന്ന തീയതികളിൽ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ റെഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | റെഗുലറൈസ് ചെയ്യുന്ന തീയതി |
|---|---|---|
| 1 | ശ്രീ പി ഓമനക്കുട്ടൻ (29.02.2020 ൽ വിരമിച്ചു) | 01.06.2016 |
| 2 | ശ്രീ പി ബി വേണുഗോപാൽ | 01.06.2016 |
| 3 | ശ്രീ എം പ്രദീപ് കുമാർ | 01.06.2016 |
| 4 | ശ്രീ പി ബി അശോക് കുമാർ | 01.03.2017 |
| 5 | ശ്രീ വി രാമചന്ദ്രൻ നായർ | 21.03.2017 |
| 6 | ശ്രീ എസ് രവീന്ദ്രൻ | 21.03.2017 |
| 7 | ശ്രീ പി എം നരേന്ദ്രൻ | 21.03.2017 |

റെഗുലർ ആകുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിൽ ഒരു വർഷമാണ് ടി തസ്തികയിലെ പരിവീക്ഷണ കാലയളവ്. ടിയാൻമാരുടെ സേവനപുസ്തകത്തിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ജീവനക്കാർ
2. ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഒ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), പ്രിസൺസ് ഐ ടി സെൽ, ഫയൽ, കരുതൽ ഫയൽ.